## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4853** **14.11.2019 -ൽ മറുപടിയ്ക്ക്**

### സമഗ്രശിക്ഷ പദ്ധതി

ചോദ്യം

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സർവ്വശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും ലയിപ്പിച്ച് രൂപീകരിച്ച സമഗ്രശിക്ഷ പദ്ധതിയ്ക്കുള്ള കേന്ദ്രസഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; പദ്ധതിപ്രകാരം ലഭിക്കേണ്ട തുക എത്രയാണെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്നും ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക ലഭിയ്ക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സഹായത്തിൽ കുറവു വരുത്തിയിട്ടുണ്ട്.2018-19 ൽ അംഗീകരിച്ച കേന്ദ്രവിഹിതം443.96 കോടി രൂപയായിരുന്നു. എന്നാൽ ആയത് 206.05 കോടി രൂപയായി കുറവു വരുത്തി. സമഗ്രശിക്ഷാ കേരളയുടെ നിരന്തരവും ശക്തവുമായ ഇടപെടൽ മൂലം അധികമായി 50 കോടി രൂപ കൂടി 2018-19 ൽ അനുവദിച്ച് ആകെ 256.05 കോടി രൂപ ലഭിച്ചു. |
| ബി) | മുൻവർഷം അനുവദിച്ച തുക പ്രകാരമുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തതാണ് പദ്ധതി പ്രകാരമുള്ള തുക സംസ്ഥാനത്തിന് ലഭിയ്ക്കാത്തതിന് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പദ്ധതി നടത്തിപ്പിൽ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ അലംഭാവം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) | ഇല്ല |

സെക്ഷൻ ഓഫീസർ